മുദ്രകൾ

# ന്യൂനപക്ഷം മാതൃക തെരയേണ്ടത് പ്രവാചക ജീവിതത്തിൽ



**എം.ജെ അക്ബർ**
പ്രശസ്തനായ ഇന്ത്യൻ പത്രപ്രവർത്തകൻ. 2008 മെയിൽ തുടങ്ങിയ Covert ദ്വൈവാരികയുടെ ചെയർമാൻ. ദ *ഏഷ്യൻ എയ്ജ്*, *ടെലഗ്രാഫ്* എന്നീ ദിനപത്രങ്ങളുടെയും *സൺഡെ* വാരികയുടെയും എഡിറ്ററായിരുന്നിട്ടുണ്ട്. നിരവധി കൃതികളുടെ കർത്താവ്. ഇസ്‌ലാമിലെ ജിഹാദിനെ അതിന്റെ യഥാർഥ ചരിത്ര പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുന്ന കൃതിയാണ് *The Shade of swords*. ഏറ്റവുമൊടുവിലത്തെ കൃതിയായ *Blood Brothers* ഹിന്ദു-മുസ്‌ലിം ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ മൂന്ന് തലമുറകളുടെ കഥ പറയുന്നു.

**ഈയിടെ** ഹൈദറാബാദിൽ ചേർന്ന ജംഇയ്യത്തുൽ ഉലമായേ ഹിന്ദിന്റെ പണ്ഡിതസമ്മേളനത്തിൽ തക്ബീർധ്വനികൾ കൊണ്ട് ഇടക്കിടെ 'തടസ്സപ്പെട്ട' പ്രസംഗം എം.ജെ അക്ബറിന്റേതായിരുന്നു. അരമണിക്കൂർ നീണ്ട പ്രസംഗത്തിൽ ഖുർആന്റെയും പ്രവാചക ചര്യയുടെയും അടിസ്ഥാനത്തിൽ എങ്ങനെ സമകാലിക പ്രശ്നങ്ങളെ മറികടക്കാം എന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. തങ്ങൾ ന്യൂനപക്ഷമാണ് എന്ന അപകർഷബോധം ഇന്ത്യൻ മുസ്‌ലിംകളെ പിടികൂടിയതിനെപ്പറ്റി അക്ബർ: "പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തപ്പോൾ, അദ്ദേഹം ആ നഗരത്തിന്റെയും സമീപപ്രദേശങ്ങളുടെയും നേതാവായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. പക്ഷേ, മുസ്‌ലിംകൾ അവിടെ ന്യൂനപക്ഷമായിരുന്നു. നഗരത്തിന് ചുറ്റും പാർപ്പുറപ്പിച്ചിരുന്നത് ജൂത ഗോത്രങ്ങളായിരുന്നു. അനുയായികളുടെ സംഖ്യാ ബലമല്ല, നേതൃഗുണങ്ങളും നയതന്ത്രജ്ഞതയും എല്ലാ വിഭാഗക്കാരെയും ഒപ്പംകൊണ്ടുപോകാനുള്ള കഴിവുമായിരുന്നു പ്രവാചകനെ നേതാവാക്കിയത്. ഈ നേതൃഗുണങ്ങളുണ്ടെങ്കിൽ ന്യൂനപക്ഷമായ ഇന്ത്യൻ മുസ്‌ലിംകൾക്കും നേതൃപദവിയിലെത്തിക്കൂടേ?"

വിവിധ ജനവിഭാഗങ്ങളുമായി പ്രവാചകൻ ഉണ്ടാക്കിയ കരാറുകളും ധാരണകളും അദ്ദേഹം എടുത്തു പറഞ്ഞു: "നമ്മൾ ജീവിക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിലാണ്. മറ്റുള്ള എല്ലാ സമൂഹങ്ങളുമായും നാം ബന്ധം സ്ഥാപിക്കണം- നമ്മെ കടുത്ത ഭാഷയിൽ വിമർശിക്കുന്നവരുമായി വരെ. അപ്പോൾ മാത്രമേ നമുക്ക് വാതിലുകൾ തുറന്നുകിട്ടൂ."

മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്ക് അദ്ദേഹം മൂന്ന് കാരണങ്ങൾ നിരത്തി: "ദാരിദ്ര്യം, നിരക്ഷരത, ലിംഗ വിവേചനം- ഇവയാണ് ഇന്ത്യൻ മുസ്‌ലിംകളുടെ ഏറ്റവും വലിയ ശത്രുക്കൾ. മറ്റുള്ളവരെ പഴിചാരും മുമ്പ് നിങ്ങൾ നിങ്ങളെത്തന്നെ ആത്മവിചാരണ ചെയ്യുക."

മുസ്‌ലിം സ്ത്രീകൾ അവരുടെ മതകീയ വിശ്വാസങ്ങൾ മുറുകെ പിടിച്ചുകൊണ്ട് വിദ്യാഭ്യാസരംഗങ്ങളിലും മറ്റും മുന്നേറുകയാണ് വേണ്ടതെന്ന് അക്ബർ പറഞ്ഞു: "മുസ്‌ലിം സ്ത്രീകൾ എന്തിനാണ് ശിരോവസ്ത്രം ധരിക്കുന്നത് എന്ന് എന്നോട് ചില ക്രിസ്ത്യൻ സുഹൃത്തുക്കൾ ചോദിച്ചു. കന്യാമറിയത്തെ ശിരോവസ്ത്രമില്ലാതെ നിങ്ങൾ കണ്ടിട്ടുണ്ടോ എന്ന് ഞാൻ തിരിച്ചു ചോദിച്ചു."

"അക്ബർ സാഹിബിനെക്കുറിച്ച് മതവിരുദ്ധനായ ആൾ എന്നായിരുന്നു ഞങ്ങളുടെ ധാരണ. ഇപ്പോൾ അദ്ദേഹം ഒരു ഇസ്‌ലാമിക പണ്ഡിതനായി മാറിയിരിക്കുന്നു"- ഒരു സമ്മേളനപ്രതിനിധിയുടെ കമന്റ്. ■

## '72-ലെ സ്പെഷ്യൽ പതിപ്പ് *പ്രബോധനം* സൈറ്റിൽ

ഒരു വിഷയത്തെ അതിന്റെ സമഗ്രതയിൽ പ്രതിപാദിക്കുന്നു എന്നതാണ് *പ്രബോധനം* ഇടക്കിടെ പ്രസിദ്ധീകരിക്കാറുള്ള വിശേഷാൽ പതിപ്പുകളുടെ പ്രത്യേകത. പക്ഷേ, മുൻകാലങ്ങളിൽ ഇറക്കിയ വിശേഷാൽ പതിപ്പുകളിൽ പലതും കണ്ടെത്തി ശേഖരിക്കുക വളരെ പ്രയാസകരമാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കാനാണ് വിശേഷാൽ പതിപ്പുകൾ മുഴുവൻ *പ്രബോധനം* സൈറ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. ശരീഅത്ത് പതിപ്പ് (1984), ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപതിപ്പ് (1992), നവോത്ഥാന പതിപ്പ് (1998), ഖുർആൻ പതിപ്പ് (2002), ഹദീസ് പതിപ്പ് (2007) എന്നിവ ഇപ്പോൾ സൈറ്റിൽ ലഭ്യമാണ്.

1972-ൽ പുറത്തിറക്കിയ സ്പെഷ്യൽ പതിപ്പാണ് ഏറ്റവുമൊടുവിൽ സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ശരീഅത്ത് ആക്ട് (മുഹമ്മദൻ ലോ), ഇന്ത്യൻ നിയമവ്യവസ്ഥയിലെ ശരീഅത്തും യഥാർഥ ഇസ്‌ലാമിക ശരീഅത്തും തമ്മിലുള്ള ബന്ധം എന്നീ വിഷയങ്ങളിലുള്ള സിമ്പോസിയമാണ് ഈ പതിപ്പിന്റെ പ്രത്യേകത. വൈക്കം മുഹമ്മദ് ബഷീറിന്റെ *നൂറ് രൂപ നോട്ട്* എന്ന കഥയും ടി. ഉബൈദിന്റെ *ദിവ്യകാവ്യം* എന്ന കവിതയും ഇതിൽ കാണാം. ■

സന്ദർശിക്കുക: **www.prabodhanam.net**

മുദ്രകൾ

## വസീറിസ്താൻ ചുട്ടുകരിക്കാൻ പാക്-അമേരിക്കൻ രഹസ്യ ധാരണ

**അൽഖാഇദ-താലിബാൻ** മിലീഷ്യകൾ ഒളിച്ചുകഴിയുന്നു എന്ന് സംശയിക്കപ്പെടുന്ന പാകിസ്താനിലെ ഗോത്രമേഖലകളിൽ അമേരിക്ക നിരന്തരം കടന്നാക്രമണങ്ങൾ നടത്തുന്നത് പാകിസ്താനിലെ പുതിയ ഭരണകൂടവുമായി അമേരിക്ക ഉണ്ടാക്കിയ രഹസ്യ ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് റിപ്പോർട്ട്. “ഈ ധാരണ പ്രകാരം, അമേരിക്കയുടെ വ്യോമാക്രമണങ്ങൾക്കെതിരെ പാകിസ്താൻ പ്രതിഷേധിച്ചുകൊണ്ടേയിരിക്കണം. ഇടക്കിടെ പാകിസ്താനിലെ അമേരിക്കൻ അംബാസഡറെ വിളിപ്പിച്ച് പ്രതിഷേധം അറിയിക്കണം. പക്ഷേ യാതൊരു ചെറുത്തുനിൽപോ പ്രത്യാക്രമണമോ പാക് സൈന്യത്തിന്റെ ഭാഗത്തു നിന്നുണ്ടാവില്ല”- പേര് വെളിപ്പെടുത്താത്ത ആസിഫ് സർദാരി ഭരണകൂടത്തിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ *ഇസ്‌ലാം ഓൺലൈൻ* നെറ്റിനോട് പറഞ്ഞു.



കഴിഞ്ഞ സെപ്റ്റംബറിൽ സർദാരി നടത്തിയ അമേരിക്കൻ സന്ദർശനവേളയിലാണ് ധാരണ ഉണ്ടാക്കിയത്. ആക്രമിക്കേണ്ട ടാർഗറ്റുകളുടെ ഒരു ലിസ്റ്റും ഇരു രാഷ്ട്രങ്ങളും ചേർന്ന് ഉണ്ടാക്കിയിട്ടുണ്ട്.

കഴിഞ്ഞ രണ്ടാഴ്ചകൾക്കകം ദക്ഷിണ -ഉത്തര വസീറിസ്താനിൽ പതിനഞ്ച് ആക്രമണങ്ങളാണ് അമേരിക്ക നടത്തിയത്. ഇതിൽ 200 ഗോത്രവർഗക്കാർ മരിച്ചു. അവരിൽ അധികവും സ്ത്രീകളും കുട്ടികളുമാണ്. കഴിഞ്ഞ നവംബർ 7-ന് വടക്കൻ വസീറിസ്താനിലെ ഒരു ജനവാസ കേന്ദ്രത്തിൽ ബോംബിട്ട് പതിമൂന്ന് പേരെയാണ് അമേരിക്ക വധിച്ചത്.

ഈ ഓരോ ആക്രമണത്തിനെതിരെയും പാകിസ്താന്റെ ഔദ്യോഗിക പ്രതിഷേധ കുറിപ്പ് ഇറങ്ങിയിട്ടുണ്ട്. പ്രതിഷേധത്തിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ, അഫ്ഗാനിലെ അമേരിക്കൻ പട്ടാളക്കാർക്ക് ഭക്ഷണമെത്തിക്കുന്ന പാകിസ്താനിലൂടെയുള്ള വഴി അടച്ചിടുകയാണ് പാക് ഗവൺമെന്റ് ആദ്യം ചെയ്യേണ്ടത് എന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഭക്ഷണമെത്തുന്ന ഈ പ്രധാന റൂട്ട് തടസ്സപ്പെട്ടാൽ അമേരിക്ക നന്നായി വിയർക്കേണ്ടിവരും.

സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന പാകിസ്താന് ഐ.എം.എഫിന്റെ കടം ഒപ്പിച്ചുകൊടുക്കുന്നതിനുള്ള പ്രത്യുപകാരമാണത്രെ ഈ രഹസ്യ ധാരണ. അഞ്ച് ബില്യൻ ഡോളറാണ് പാകിസ്താൻ അടിയന്തര സഹായമായി ഐ.എം.എഫിനോട് ചോദിച്ചിരിക്കുന്നത്. നേരത്തെ വേൾഡ് ബാങ്ക് പാകിസ്താന് അനുവദിച്ചിരുന്ന 300 മില്യൻ ഡോളർ വായ്പാ സഹായം അമേരിക്ക ഇടപെട്ടാണ് നിർത്തിച്ചത്. ആ ഇടപെടൽ ഭീഷണി ഒഴിവാക്കാനാണത്രെ സർദാരി ഇതിനൊക്കെ കൂട്ടുനിന്നത്. ■

## വത്തിക്കാനിൽ ത്രിദിന ക്രിസ്ത്യൻ-മുസ്‌ലിം പണ്ഡിത സമ്മേളനം

**സദാചാരത്തിന്റെ** അടിത്തറയുള്ള സമ്പദ്ഘടനയാണ് കാലഘട്ടത്തിന്റെ ആവശ്യമെന്ന ആഹ്വാനത്തോടെ കഴിഞ്ഞ നവംബർ ആറിന് ആരംഭിച്ച മൂന്നു ദിവസത്തെ ക്രിസ്ത്യൻ-മുസ്‌ലിം പണ്ഡിത സമ്മേളനം വത്തിക്കാനിൽ സമാപിച്ചു. “ദരിദ്രരുടെയും കടക്കെണിയിൽപെട്ട് തകർന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെയും സംരക്ഷണ ബാധ്യത ഏറ്റെടുക്കുന്ന ഒരു ധാർമിക സമ്പദ്ഘടന സ്ഥാപിക്കാൻ ഞങ്ങൾ




വിശ്വാസി സമൂഹത്തെ ആഹ്വാനം ചെയ്യുന്നു”- സമ്മേളനം പുറത്തിറക്കിയ പതിനഞ്ചിന പ്രഖ്യാപനത്തിൽ പറയുന്നു.

അമ്പതിലധികം മുസ്‌ലിം -കാത്തലിക് പണ്ഡിതന്മാർ സമ്മേളനത്തിൽ സംബന്ധിച്ചു. സാമ്പത്തിക പ്രതിസന്ധി തന്നെയാണ് ചർച്ചകളിൽ മുന്തിനിന്നത്. മതന്യൂനപക്ഷങ്ങൾക്ക് അവരുടെ വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള അവസരമുണ്ടാകണമെന്നാണ് സമ്മേളനം ഊന്നിപ്പറഞ്ഞ മറ്റൊരു കാര്യം. ലോകത്തെ എല്ലാ മനുഷ്യരുടെയും മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് പോപ്പ് ബെനഡിക്റ്റ് പതിനാറാമൻ തന്റെ സമാപന പ്രസംഗത്തിൽ പറഞ്ഞു: “ഈ സമ്മേളനം ക്രിസ്ത്യാനികളും മുസ്‌ലിംകളും കൂടുതൽ അടുത്തറിയുന്നതിന് സഹായകമാകുന്നു ഒരു പുതിയ ചുവടു വെപ്പാണ്.”

മുഹമ്മദ് നബിയുടെ ചില അധ്യാപനങ്ങൾ ‘പൈശാചികവും മനുഷ്യത്വരഹിതവു’മാണെന്ന് ചില മധ്യകാല രേഖകൾ ഉദ്ധരിച്ച് പോപ്പ് കഴിഞ്ഞ വർഷം നടത്തിയ പ്രസംഗം വൻ പ്രതിഷേധങ്ങൾക്ക് വഴിവെച്ചിരുന്നു. അതിനെത്തുടർന്നാണ്, ബന്ധങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ക്രിസ്ത്യൻ-മുസ്‌ലിം സംവാദങ്ങൾക്ക് വത്തിക്കാൻ മുൻകൈയെടുത്തത്. 138 മുസ്‌ലിം പണ്ഡിതന്മാരും ചിന്തകന്മാരും ചേർന്ന് ക്രിസ്ത്യൻ ആത്മീയ നേതാക്കൾക്ക് അയച്ച തുറന്ന കത്തും സംവാദങ്ങൾക്ക് തുടക്കം കുറിക്കാൻ കാരണമായിട്ടുണ്ട്. ■

മുദ്രകൾ

# ബദൽ ടി.വി സംസ്കാരവുമായി *ഇസ്‌ലാം ബോക്സ്*




*ഇസ്‌ലാം ബോക്സ്* - ഈ ചെറിയ 'പെട്ടി' യുവതലമുറയെ വഴിതെറ്റിക്കുന്ന മുഖ്യധാര ടെലിവിഷൻ ചാനലുകൾക്ക് ഒരു ബദൽ മുന്നോട്ടുവെക്കുന്നു. ഒരു ഇലക്ട്രോണിക് ഉപകരണമാണിത്. ഇതും ഒരു ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷനുമുണ്ടെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ടി.വി സെറ്റിൽ ഇസ്‌ലാം ബോക്സ് സെലക്ട് ചെയ്യുന്ന ചാനൽ പരിപാടികൾ (മുഖ്യമായും ഇസ്‌ലാമിക ചാനലുകളിൽ നിന്നുള്ളവ) കാണാം. ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള ഇസ്‌ലാമിക് റേഡിയോ സ്റ്റേഷൻ പരിപാടികളും ടി.വിയിലൂടെ നിങ്ങൾക്ക് കേൾക്കാം. സാറ്റ്ലൈറ്റ് ഡിഷുകളിൽനിന്നും ടി.വി കേബിളുകളിൽനിന്നും വ്യത്യസ്തമായി, ഇസ്‌ലാമിന്റെ സദാചാര സങ്കൽപങ്ങൾക്ക് നിരക്കുന്ന പരിപാടികൾ മാത്രമേ നിങ്ങൾക്ക് ഇസ്‌ലാം ബോക്സ് വഴി ലഭിക്കുകയുള്ളൂ. "ഇസ്‌ലാമിക ശിക്ഷണങ്ങൾക്ക് വിരുദ്ധമല്ലാത്ത ഏത് ചാനൽ പരിപാടിയും ഇതു വഴി നൽകാൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്"- ഇസ്‌ലാം ബോക്സിന്റെ നിർമാതാക്കളിൽ ഒരാളായ ഖുർറം മുജ്തബ പറഞ്ഞു.

ഇസ്‌ലാം ബോക്സ് സ്വന്തമാക്കിക്കഴിഞ്ഞാൽ പിന്നെ കുട്ടികളുടെ കാര്യത്തിൽ വേവലാതി വേണ്ട എന്നാണ് അതിന്റെ ഒരു വരിക്കാരനായ സാജിം ഖിദ്വായി പറയുന്നത്. "ടി.വിയുടെ നിഷേധാത്മക സ്വാധീനം കുട്ടികളിൽ ഇല്ലാതാക്കാനുള്ള നല്ല വഴിയാണിത്. കുട്ടികൾ കൂടുതൽ പഠിക്കുന്നതായും അവരുടെ മതബോധം വർധിക്കുന്നതായും എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്."

*ഹുദ ടി.വി, ഇസ്‌ലാം ചാനൽ, പീസ് ടി.വി, അൽജസീറ* തുടങ്ങി 25-ൽ അധികം ചാനലുകളാണ് ഇസ്‌ലാം ബോക്സിലൂടെ ഇപ്പോൾ ലഭിക്കുന്നത്. ഇംഗ്ലീഷ്, ഉർദു, അറബി ഭാഷകളിലാണ് മിക്ക പ്രോഗ്രാമുകളും. കുട്ടികൾക്ക് വേണ്ടി വീഡിയോ ഗെയിമുകൾ തയാറാക്കാനും ഇതിന്റെ അണിയറ ശിൽപികൾക്ക് ഉദ്ദേശ്യമുണ്ട്.

അമേരിക്കയിലും ബ്രിട്ടനിലും കഴിഞ്ഞ റമദാനിലാണ് ഇസ്‌ലാം ബോക്സ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഫ്രാൻസ്, ദക്ഷിണാഫ്രിക്ക, ജപ്പാൻ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ എന്നിവിടങ്ങളിലും ഇതിന്റെ സേവനം ഉടൻ ലഭ്യമാവുമെന്ന് കരുതപ്പെടുന്നു. ■

# ഐ.ടിയിലും കാവിപ്പട



**ആദിവാസി** ക്ഷേമത്തിന്റെ മറവിൽ മറ്റു പലതും ചെയ്യുന്ന സംഘ്പരിവാറിന്റെ ഒരു പോഷകസംഘടനയാണ് വനവാസി കല്യാൺ കേന്ദ്ര്. ഈ സംഘടനക്ക് വേണ്ടി കഴിഞ്ഞ വർഷം ബാംഗ്ലൂരിൽനിന്ന് പിരിച്ചെടുത്തത് ഇരുപത് ലക്ഷം രൂപയാണ്. പിരിവുകാർ ആരെന്നറിയേണ്ടേ? ഇൻഫോസിസ്, ടാറ്റാ കൺസൽട്ടിംഗ് സർവീസസ്, കൊഗ്നിസന്റ് ടെക്നോളജീസ്, സിമെൻസ് തുടങ്ങിയ മുൻനിര ഐ.ടി കമ്പനികളിൽ വെള്ളക്കോളർ ജോലിയുള്ളവർ. മറ്റൊരു സംഘ് സംഘടനക്ക് വേണ്ടി ഈ മാസം ഇതേ ഐ.ടി വിദഗ്ധർ മറ്റൊരു പിരിവ് നടത്തുന്നു. പ്രമുഖ നഗരങ്ങളിലെ ഐ.ടി വിദഗ്ധരെ ചാക്കിട്ടു പിടിക്കാൻ സംഘ്പരിവാർ ആസൂത്രിത ശ്രമം തുടങ്ങിയതിന്റെ ചില സൂചനകളാണിതെന്ന് സഞ്ജന എഴുതിയ കുറിപ്പിൽ (*തെഹൽക* വാരിക, 2008 നവംബർ 1) പറയുന്നു.

ഐ.ടി പ്രഫഷനലുകളുടെ ആർ.എസ്.എസ് ശാഖകൾ മിലനുകൾ എന്ന പേരിലാണ് അറിയപ്പെടുക. കഴിഞ്ഞ മൂന്ന് വർഷമായി പ്രധാന നഗരങ്ങളിലെ ഐ.ടി വിദഗ്ധരെ ആകർഷിക്കാൻ സംഘ്പരിവാർ ഊർജിത ശ്രമം നടത്തിവരികയാണ്. ബാംഗ്ലൂർ, ഹൈദറാബാദ്, ചെന്നൈ, പൂനെ, മുംബൈ, ദൽഹി, ഫരീദാബാദ്, കൊൽക്കത്ത എന്നീ നഗരങ്ങളെയാണ് മുഖ്യമായും ഉന്നമിട്ടിരിക്കുന്നത്. ബാംഗ്ലൂരിൽ മാത്രം വിവിധ ഏരിയകളിലായി 46 ഐ.ടി മിലനുകൾ (ശാഖകൾ) ഉണ്ടെന്നാണ് പറയപ്പെടുന്നത്. നേപ്പാളിൽ ഹിന്ദു രാഷ്ട്രത്തിന്റെ തിരോധാനം, മതപരിവർത്തനം തുടങ്ങിയ ആനുകാലിക വിഷയങ്ങൾ സംഘ്പരിവാർ വീക്ഷണത്തിലൂടെ അവതരിപ്പിക്കുകയാണ് മിലനുകളിലെ പ്രധാന അജണ്ട. ആർ.എസ്.എസ്സിന്റെ പരമ്പരാഗത കാക്കി യൂനിഫോം അണിയേണ്ട എന്നൊരു ഇളവ് ഐ.ടി പ്രഫഷനലുകൾക്ക് ഉണ്ട്. ■